**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3108** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹോം സ്റ്റേ പ്രോത്സാഹനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് ഹോം സ്റ്റേ വ്യവസായത്തെ ഉപയോഗപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് ഹോംസ്റ്റേ മേഖലയുടെ പങ്ക് വലുതാണെന്ന് ടൂറിസം വകുപ്പ് വിലയിരുത്തുന്നു. അതിന്റെ ഭാഗമായി ഹോംസ്റ്റേകളെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് ഒരു പ്രത്യേക പ്രചാരണ പരിപാടി നടപ്പാക്കുവാനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോംസ്റ്റേ മേഖലയിലെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുവാനായി വിവിധ സംഘടനകളുമായി സർക്കാർ തലത്തിലും വകുപ്പ് തലത്തിലും ചർച്ചകൾ നടത്തുകയുണ്ടായി. ഹോംസ്റ്റേ ഉടമകളുടെ പ്രശ്നങ്ങളിൽ സർക്കാർ ഫലപ്രദമായി ഇടപെട്ട് പരിഹാരം കണ്ടെത്തുവാൻ ഈ ചർച്ചകൾ മൂലം കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികൾക്ക് കേരളത്തിലെ ഹോംസ്റ്റേകളെ പരിചയപ്പെടുത്തുവാനായി ടൂറിസം വകുപ്പ് അംഗീകൃത ക്ലാസ്സിഫൈഡ് ഹോംസ്റ്റേകളുടെ ലിസ്റ്റ് കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഹോം സ്റ്റേ നടത്തുന്നവർക്ക് അതിനാവശ്യമായ പരിശീലനം നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥനത്തെ ഹോംസ്റ്റേ നടത്തുന്നവർക്ക് അതിനാവശ്യമായ പരിശീലനം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽ & ടൂറിസം സ്റ്റഡീസ് (KITTS) , ഉത്തരവാദിത്ത ടൂറിസം മിഷൻ എന്നീ സ്ഥാപനങ്ങൾ വഴി നൽകുവാൻ നടപടിക്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. |
| (സി) | ഹോം സ്റ്റേ നടത്താനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സംസ്ഥാനത്ത് ഹോംസ്റ്റേ നടത്തുന്നതിന് നിലവിൽ ലളിതമായ വ്യവസ്ഥകളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ ഹോംസ്റ്റേയ്ക്ക് അംഗീകാരം നൽകുന്ന നടപടി ക്രമം കുറെക്കൂടി ലളിതമാക്കുവാൻ കഴിയുമോ എന്ന വിഷയം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ